REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഈ വർഷത്തെ സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും.**
- **വിവര സാങ്കേതിക വിദ്യയെ ഗുണപരമായി ഉപയോഗപ്പെടുത്താൻ അധ്യാപകരും വിദ്യാർത്ഥികളും പരിശീലിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി.**
- **സംസ്ഥാനത്തെ കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന്റെ സബ്സിഡിയായി 100 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **സംസ്ഥാനത്ത് രാമായണ മാസത്തിന് തുടക്കമായി.**
- **അതിതീവ്ര മഴ സാധ്യത മുൻനിർത്തി കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ട് തുടരുന്നു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഈ വർഷത്തെ സ്വച്ഛ് സർവേക്ഷൻ പുരസ്കാരങ്ങൾ വിതരണം ചെയ്യും. രാജ്യത്തെ ഏറ്റവും വൃത്തിയേറിയ നഗരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത്തവണ നാല് വിഭാഗങ്ങളിലായി 78 പുരസ്കാരങ്ങളാണ് വിതരണം ചെയ്യുന്നത്.

✪✪✪

വിവര സാങ്കേതിക വിദ്യയെ ഗുണപരമായി ഉപയോഗപ്പെടുത്താൻ അധ്യാപകരും വിദ്യാർത്ഥികളും പരിശീലിക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി അഭിപ്രായപ്പെട്ടു.

വിവര സാങ്കേതിക വിദ്യയെ രാഷ്ട്രത്തിന്റെ സൃഷ്ടിപരമായ നിർമിതിക്കായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നാണ് അവർ കണ്ടെത്തേണ്ടത്.

PMJVK പദ്ധതിയിൽ, മലപ്പുറം അമൽ കോളജിൽ ക്യാംപസിലെ സ്കിൽ സെന്ററിലെ നൈപുണ്യ കോഴ്സുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിർമ്മിത ബുദ്ധിയുടെ കാലമാണ് വരാനിരിക്കുന്നത്. സർട്ടിഫിക്കറ്റ് കൊണ്ട് മാത്രം ജോലിയൊ വരുമാനമോ ഉണ്ടാവില്ല. അതുകൊണ്ട് കൺവെൻഷണൽ ഡിഗ്രി കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾ നൈപുണ്യ കോഴ്സുകളും പരിശീലിക്കണമെന്ന് ജയന്ത് ചൗധരി നിർദേശിച്ചു.

✪✪✪

മലപ്പുറം നഗരസഭയിലെ മുഴുവൻ അങ്കണവാടികളും എയർകണ്ടീഷൻ സൗകര്യങ്ങളോടു കൂടി സമ്പൂർണ ഹൈടെക് ആക്കുന്നതിന്റെ പ്രഖ്യാപനം അല്പസമയത്തിനകം ടൗൺഹാളിൽ കേന്ദ്രമന്ത്രി ജയന്ത് ചൗധരി നിർവഹിക്കും. രാജ്യത്ത് ആദ്യമായാണ് ഒരു തദ്ദേശ ഭരണ സ്ഥാപനം മുഴുവൻ അങ്കണവാടികളും ഹൈടെക് ആക്കി മാറ്റുന്നത്.

സ്മാർട്ട് ടിവി, സൗണ്ട് സിസ്റ്റം, ഹൈടെക് കളിയുപകരണങ്ങൾ, ശിശു സൗഹൃദ ഫർണിച്ചറുകൾ, സ്റ്റോറേജ് ബിന്നുകൾ, മിക്സി, ഗ്രൈൻഡറുകൾ തുടങ്ങി സർവ്വ സജ്ജീകരണങ്ങളോടും കൂടിയാണ് പദ്ധതി പൂർത്തീകരണം.

സ്വന്തം കെട്ടിടത്തിലും വാടക കെട്ടിടത്തിലും ഒരേ തരത്തിൽ സൗകര്യമൊരുക്കി എന്ന അപൂർവ്വ നേട്ടവും മലപ്പുറത്തെ അങ്കണവാടികൾക്കാണ്. കേന്ദ്രഗവൺമെന്റ് ഫണ്ടും നഗരസഭയുടെ തനത് ഫണ്ടും ഉൾപ്പെടെ രണ്ടു കോടി നാൽപ്പത്തിഅഞ്ച് ലക്ഷം രൂപ ചെലവഴിച്ചാണ് നഗരസഭ പദ്ധതി പൂർത്തിയാക്കിയത്.

✪✪✪

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് രാജസ്ഥാനിലെ ജയ്പൂർ സന്ദർശിക്കും. ജയ്പൂരിലെ ദാദിയ ഗ്രാമത്തിൽ സഹകാരിത ഏവം റോസ്ഗാർ ഉത്സവിൽ പങ്കെടുക്കുന്ന അദ്ദേഹം 8000 യുവാക്കൾക്ക് ഗവൺമെന്റ് ജോലിയുടെ നിയമന ഉത്തരവുകൾ കൈമാറും.

✪✪✪

ഇതിഹാസ ചലച്ചിത്ര നിർമ്മാതാവ് സത്യജിത് റേയുടെ ബംഗ്ലാദേശിലെ പൂർവീക ഭവനം പൊളിച്ചുമാറ്റുന്ന നടപടി ബംഗ്ലാദേശ് അധികൃതർ നിർത്തിവെച്ചു. ഇന്ത്യയുടെ അഭ്യർത്ഥനയെ തുടർന്നാണ് തീരുമാനം. വീട് പുനർനിർമ്മിക്കുന്നതിന് ബംഗ്ലാദേശ് അധികൃതർ ഒരു കമ്മിറ്റിക്കും രൂപം നൽകി. സത്യജിത് റേയുടെ മുത്തച്ഛൻ ഉപേന്ദ്രകിഷോർ റേ ചൗധരിയുടേതാണ് ഭവനം.

✪✪✪

ഉത്തർപ്രദേശിൽ ബൽറാം പൂരിൽ ചങ്കൂർബാബ എന്നറിയപ്പെടുന്ന ജമാലുദ്ദീൻ ഷായുടേയും കൂട്ടാളികളുടേയും 14 കേന്ദ്രങ്ങളിൽ എൻഫോഴ്സ്മെന്റ് അധികൃതർ റെയ്ഡ് നടത്തി. പരിശോധനയ്ക്കിടെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട രേഖകൾ, ആഡംബര വാഹനങ്ങൾ, കണക്കിൽപ്പെടാത്ത പണം, സ്വർണം എന്നിവ കണ്ടെടുത്തതായി ED ഉദ്യോഗസ്ഥർ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന്റെ സബ്സിഡിയായി 100 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. നെല്ല് സംഭരണ ഏജൻസിയായ സിവിൽ സപ്ലൈസ് കോർപറേഷനാണ് തുക അനുവദിച്ചത്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംഭരിച്ച നെല്ലിന്റെ സബ്സിഡി വിതരണത്തിനാണ് തുക നൽകിയതെന്നും മന്ത്രി വ്യക്തമാക്കി.

ഈ വർഷം നേരത്തെ 185 കോടി രൂപ അനുവദിച്ചിരുന്നു. ഫെബ്രുവരി വരെ സംഭരിച്ച സംഭരിച്ച നെല്ലിന്റെ സബ്സിഡിയാണ് അന്ന് അനുവദിച്ചത്. ഈ സാമ്പത്തിക വർഷം ബജറ്റിൽ 606 കോടി രുപയാണ് വകയിരുത്തിയതെന്നു ഇതിൽ 285 കോടി രൂപ ഇതിനകം അനുവദിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

സിനിമയുടെ വിവിധ വശങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്ന കേരള ഫിലിം പോളിസി കോൺക്ലേവ് ഓഗസ്റ്റ് രണ്ട്, മൂന്ന് തിയതികളിൽ തിരുവനന്തപുരത്ത് ചേരുമെന്ന് മന്ത്രി സജി ചെറിയാൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. നിയമസഭാ സമുച്ചയത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. കോൺക്ലേവിലെ ആശയങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന സിനിമാനയം രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

അതിതീവ്ര മഴ സാധ്യത മുൻനിർത്തി ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ട് തുടരുകയാണ്. ഇടുക്കി,എറണാകുളം,തൃശൂർ,പാലക്കാട്,മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശവുമുണ്ട്.

കാസർകോട്,തൃശൂർ,വയനാട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ സ്കൂളുകൾക്കും ജില്ലാ കലക്ടർമാർ അവധി പ്രഖ്യാപിച്ചു. മാഹിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകിയിട്ടുണ്ട്.

കോഴിക്കോട് അടിവാരത്തിന് സമീപം മുപ്പത് ഏക്രയിൽ മണ്ണിടിഞ്ഞതിനെത്തുടർന്ന് പരിസരത്തെ കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. വിലങ്ങാട് പുഴയിൽ ജലനിരപ്പ് ഉയർന്നതിനെത്തുടർന്ന് സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് അധികൃതർ ജാഗ്രതാ നിർദ്ദേശം നൽകി. കുറ്റ്യാടി പക്രംതളം ചുരത്തിൽ പത്താം വളവിൽ മണ്ണിടിഞ്ഞ് ഗതാഗതം ഭാഗികമായി തടസപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ഇന്ന് രാമായണ മാസത്തിന് തുടക്കമായി. കർക്കിടക ദുരിതം ഒഴിവാക്കാൻ രാമായണ പാരായണത്തിന്റെയും, നാലമ്പല ദർശനത്തിന്റെയും ഭക്തി സാന്ദ്രമായ 31 ദിനരാത്രങ്ങൾ ഇന്നാരംഭിക്കും.

കേരളത്തിൽ പലയിടത്തും നാലമ്പല ദർശനത്തിന് പുലർച്ചെ തുടക്കമായി. മലപ്പുറം, കണ്ണൂർ, പാലക്കാട്, ജില്ലകളിലും നാലമ്പല ദർശന പരിപാടികൾ പുലർച്ചെ ആരംഭിച്ചു.

✪✪✪

പതിനായിരങ്ങൾ സാക്ഷിയായി തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ ആനയൂട്ട് സംഘടിപ്പിച്ചു. ക്ഷേത്രം മേൽശാന്തി ശ്രീരാജ് നാരായണൻ നമ്പൂതിരി ആനയ്ക്ക് ആദ്യ ഉരുള നൽകി. കർക്കിടകത്തിലെ ആദ്യപുലരിയിൽ നടത്തുന്ന ആനയൂട്ടിന്റെ തിരക്കിലാണ് വടക്കുന്നാഥക്ഷേത്രം.

ജില്ലാ പ്രതിനിധി ഭരിതാ പ്രതാപിന്റെ റിപ്പോർട്ട്......

.........വോയ്സ്...........

അലങ്കാരങ്ങളില്ലാത്ത ആനസൗന്ദര്യങ്ങൾക്കുമുന്നിൽ ആളുകൾക്ക് ഈ ഈ കാഴ്ചവിരുന്നു വിസ്മയം പകരുകയാണ്. ഏറ്റവും കൂടുതൽ ആനകളെത്തുന്ന ആനയൂട്ടുകളിലൊന്നാണ് വടക്കുന്നാഥക്ഷേത്രത്തിലേത്.

ഇവിടെ ഊട്ടിന് 68 ആനകലാണുള്ളത്. ആനയൂട്ടുസൗന്ദര്യം കാണാൻ നൂറുകണക്കിനാളുകൾ ആണ് എത്തിച്ചേർന്നിട്ടുള്ളത്. എറണാകുളം ശിവകുമാർ, പുതുപ്പള്ളി കേശവൻ, പാമ്പാടി സുന്ദരൻ, പുതുപ്പള്ളിസാധു, പാറമേക്കാവ് കാശിനാഥൻ തുടങ്ങിയ ആനസൗന്ദര്യങ്ങൾ ഇവിടെയെത്തിച്ചേർന്നിട്ടുണ്ട്.

ആനയൂട്ടിനു പുറമെ ഗജപൂജയും മഹാഗണപതിഹോമവുമെല്ലാം നടന്നു. 120008 നാളികേരമാണ് ഇവക്കെല്ലാംകൂടി വേണ്ടിവന്നത്. ഇതിൽ നല്ലൊരുഭാഗവും ഭക്തജനങ്ങൾ സമർപ്പിച്ചതാണ്. നാലുവർഷത്തിലൊരിക്കൽ നടക്കുന്ന ഗജപൂജ നടക്കുന്ന വർഷംകൂടിയാണ് ഇതെന്ന പ്രത്യേകതയും ഇത്തവണയുണ്ട്. രാവിലെ അഞ്ചുമണിക്കാണ് മഹാഗണപതിഹോമം ആരംഭിച്ചത്. ഏഴരയോടെ ഗജപൂജ ആരംഭിച്ചു. തുടർന്ന് പത്തുമണിയോടെ ആനയൂട്ടിനും തുടക്കമായി.

രാവിലെ പത്തരമുതൽ അന്നദാനമണ്ഡപത്തിൽ അന്നദാനവും ആരംഭിച്ചു. വൈകിട്ട് ആറരക്ക് ഭഗവത് സേവയും നടക്കും. ചടങ്ങുകൾക്ക് തന്ത്രി പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട് മുഖ്യകാർമികത്വം വഹിച്ചു. കർക്കിടകത്തിലെ ആദ്യദിനത്തിൽ നടക്കുന്ന ആനയൂട്ട് പ്രത്യേക കാഴ്ച്ച ഭംഗി സമ്മാനിക്കുന്നവയാണ്. നിരയായി, അലങ്കാരങ്ങളില്ലാതെ നിൽക്കുന്ന ആനസൗന്ദര്യങ്ങൾ ആളുകളെ വിസ്മയത്തുമ്പിലെത്തിക്കും. ആനകൾക്കുമുന്നിൽ കൈതച്ചക്ക, കക്കിരി, പഴം, മാമ്പഴം തുടങ്ങി പലതരം സാധനങ്ങൾ അണിനിരക്കും. കൂടാതെ ചോറും ഉണ്ടായിരിക്കും. ആനകളുടെ തുമ്പിയിൽ പഴങ്ങൾ വെച്ചുനൽകാൻ ആളുകൾ തിരക്കുകൂട്ടും.ജില്ലയിൽ മഴ അവധി പ്രഖ്യാപിച്ചതോടുകൂടി കുട്ടികളുമായി എത്തിച്ചേർന്നവരുടെ എണ്ണവും ഇത്തവണ കൂടുതലാണ്.

✪✪✪

അന്തരിച്ച മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ C.V പത്മരാജന്റെ സംസ്ക്കാരം വൈകിട്ട് നാലിന് പരവൂരിലെ കുടുംബ വീട്ടിൽ നടത്തും. ഭൗതിക ശരീരം ഉച്ചയ്ക്ക് ഒരു മണി വരെ കൊല്ലം അനന്ദവല്ലീശ്വരത്തെ വീട്ടിലും തുടർന്ന് കൊല്ലം അർബൻ സഹകരണ ബാങ്കിലും പിന്നീട് കൊല്ലം DCCയിലും പൊതുദർശനത്തിന് വെയ്ക്കും.

വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് ഇന്നലെ വൈകീട്ട് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. 93 വയസ്സായിരുന്നു.

✪✪✪

സംശുദ്ധവും അഴിമതിരഹിതവുമായ പൊതു ജീവിതത്തിലൂടെ കേരളത്തിൽ പൊതു സ്വീകാര്യത ആർജ്ജിക്കാൻ കഴിഞ്ഞ നേതാവായിരുന്നു CV പത്മരാജനെന്ന് NK പ്രേമചന്ദ്രൻ എംപി അനുശോചന കുറിപ്പിൽ അറിയിച്ചു. ഭരണരംഗത്ത് നൂതനമായ പദ്ധതികളാവിഷ്കരിച്ച പത്മരാജന്റെ വിയോഗം നാടിന്റെ പൊതുനഷ്ടമാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ടോക്കിയോയിൽ ജപ്പാൻ ഓപ്പൺ ബാഡ്മിന്റണിൽ, ഇന്ത്യൻ ജോഡികളായ ചിരാഗ് ഷെട്ടിയും സാത്വിക് സായ്‌രാജ് രെങ്കി റെഡ്ഡിയും പരാജയപ്പെട്ടു. അതേസമയം, ഇന്ത്യൻ താരം ലക്ഷ്യ സെന്നും ജപ്പാന്റെ കൊടൈ നരോകയും തമ്മിൽ പുരുഷ സിംഗിൾസ് പ്രീ-ക്വാർട്ടർ മത്സരം പുരോഗമിക്കുകയാണ്.

✪✪✪

കണ്ണൂർ ജില്ലയിലെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി കിണർ റീചാർജിങ് ഉൾപ്പെടെ വിപുലമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നു. ജല ഉപഭോഗം കൂടിയ അളവിൽ നടക്കുന്ന പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

വോയ്സ് ......

ജില്ലയിലെ പാനൂർ, തലശ്ശേരി, കണ്ണൂർ, മട്ടന്നൂർ  ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലും നഗരസഭകളിലും ജല ചൂഷണം വർധിക്കുന്നുവെന്നും ഈ പ്രദേശങ്ങളെ കേന്ദ്ര സർക്കാർ നിർണായക വിഭാഗമായി പ്രഖ്യാപിക്കാൻ ഇടയുണ്ടെന്ന നാഷണൽ കോംപാലിയേഷൻ ഓൺ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ്സ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിനെ തുടർന്നാണ് നടപടി. വാർഷിക ഭൂഗർഭജല പുനരുജ്ജീവനത്തേക്കാൾ കൂടുതൽ ജലചൂഷണം നടക്കുന്ന പ്രദേശങ്ങളെയാണ് നിർണ്ണായക വിഭാഗമായി തരംതിരിക്കുന്നത്. ജലഉപഭോഗം 90 മുതൽ 100 ശതമാനം വരെയാകുമ്പോഴാണ് ഇങ്ങനെ കണക്കാക്കുക.

ജല ഉപഭോഗം 70 മുതൽ 90 ശതമാനം വരെയുള്ള സെമിക്രിട്ടിക്കൽ വിഭാഗത്തിൽ ജില്ലയിൽ . പാനൂർ, തലശ്ശേരി, കണ്ണൂർ ബ്ലോക്കുകളും പ്രസ്തുത പരിധിയിലെ നഗരസഭകളുമാണ് ഈ അവസ്ഥയിൽ ഉള്ളത്. ഈ മേഖലയിലെ അമിത ജല ചൂഷണം തടയാനും ഭൂഗർഭ ജലസംഭരണം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടാണ് പദ്ധതികൾ തയ്യാറാക്കുക.

✪✪✪

പ്രമുഖ ആർകിടെക്ട് RK രമേശ് അന്തരിച്ചു - 79 വയസ്സായിരുന്നു. സംസ്കാരം നാളെ രാവിലെ കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ നടത്തും.

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം ഗ്രാന്റ് സ്റ്റാന്റ് പവലിയൻ, KSRTC ടെർമിനൽ, മാനാഞ്ചിറ സ്ക്വയർ എന്നിവ ഡിസൈൻ ചെയ്തത് RK രമേഷാണ്.

✪✪✪

കൊല്ലം ശാസ്താംകോട്ടയിൽ സ്കൂൾ പരിസരത്ത് എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചു. പടിഞ്ഞാറേക്കല്ലട വിളന്തറ സ്വദേശിയും തേവലക്കര ബോയ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥിയുമായ മിഥുൻ ആണ് മരിച്ചത്. ബൈക്ക് ഷെഡിന് മുകളിലെ ചെരുപ്പ് എടുക്കാൻ കയറിയപ്പോൾ ലൈൻ നിന്ന് ഷോക്കേറ്റതായാണ് പ്രാഥമിക വിവരം.. രാവിലെയായിരുന്നു സംഭവം. കൂട്ടുകാരുമായി മുകളിലേക്ക് ചെരുപ്പ് എറിഞ്ഞ് കളിക്കവേയാണ് ചെരിപ്പ് ഷെഡിന് മുകളിൽ തങ്ങിയത്.

✪✪✪

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്ക്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം അതീവ ദുഃഖകരമാണെന്ന് മന്ത്രി V. ശിവൻകുട്ടി പറഞ്ഞു. സംഭവത്തെക്കുറിച്ച് അന്വേഷിച്ച് അടിയന്തിര റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയതായി അദ്ദേഹം തിരുവനന്തപുരത്ത് അറിയിച്ചു. കൊല്ലം ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരോട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സിയാബ് ടി.പി*
*NRTs: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*